# ആത്യന്തികവിലയിരുത്തൽ - I 2025 – 26

## മാതൃകാചോദ്യപേപ്പർ

**ആരോഗ്യകായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽഉദ്ഗ്രഥിത വിദ്യാഭ്യാസം**

**ക്ലാസ് – VI**

**സമയം : 2 മണിക്കൂർ**
**ആകെ സ്കോർ : 45**

**നിർദേശങ്ങൾ**

- കലാവിദ്യാഭ്യാസം, ആരോഗ്യകായിക വിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയാണ്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A** അല്ലെങ്കിൽ **B** എന്ന തരത്തിലുള്ള ചോദ്യങ്ങൾ.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്, റോൾനമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

## ആരോഗ്യകായിക വിദ്യാഭ്യാസം

**സമയം : 40 മിനിട്ട്**
**സ്കോർ : 15**

1. **ആരോഗ്യസംബന്ധിയായ കായികക്ഷമത ഘടകങ്ങൾ ഏതെല്ലാം?**

   (ചുറുചുറുക്ക്, പേശീശക്തി, ബാലൻസ്, സന്തുലനം) (1)

2. **ചേരുംപടി ചേർക്കുക**

   എ. ജീവകം എ - i) കൂൺ, പാൽ, മുട്ട, മീൻ, സൂര്യപ്രകാശം

   ബി. ജീവകം ഡി - ii) പുളിരസമുള്ള പഴവർഗങ്ങൾ

   സി. ജീവകം സി - iii) മുട്ടയിലെ മഞ്ഞക്കരു, ഇലക്കറികൾ

   ചുവടെ നൽകിയിരിക്കുന്നതിൽ നിന്നും ശരിയായത് തിരഞ്ഞെടുത്തെഴുതുക.

| | (എ) | (ബി) | (സി) |
|---|---|---|---|
| എ. | i | ii | iii |
| ബി. | iii | ii | i |
| സി. | ii | iii | i |
| ഡി. | iii | i | ii |

(1)

© State Assessment Cell - SCERT Kerala

3. പുനഃപ്രാപ്തിയെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ ഏതൊക്കെ? (2)

4. അന്നജം, മാംസ്യം, കൊഴുപ്പ് എന്നിവ എന്തുതരം പോഷകങ്ങളാണ്? (2)

5. പ്രോഗ്രസീവ് മസിൽ റിലാക്സേഷൻ എന്താണ്?

**അല്ലെങ്കിൽ**

ചലനാത്മക ശരീരസംസ്ഥിതിക്ക് ഉദാഹരണങ്ങൾ എഴുതുക? (2)

6. വജ്രാസനം ചെയ്യുന്നതെങ്ങനെ ?



**അല്ലെങ്കിൽ**

വേഗത എന്നാലെന്ത് ? (2)

7. പ്രകടനസംബന്ധിയായ കായികക്ഷമത എന്താണ്?

**അല്ലെങ്കിൽ**

താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക (2)

| **സ്ഥൂലപോഷകങ്ങൾ** | **സ്രോതസ്സ്** |
|---|---|
| അന്നജം (Carbohydrates) | |
| മാംസ്യം (Protein) | |

8. മൂന്ന് തരത്തിലുള്ള ഏറിയാൽ രീതികൾ ഏതെല്ലാം? വിശദികരിക്കാമോ. (3)

© State Assessment Cell - SCERT Kerala

# കലാവിദ്യാഭ്യാസം

സമയം : 40 മിനിട്ട്
സ്കോർ : 15

**താഴെ കൊടുത്തിട്ടുള്ളവയിൽ 1, 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**1.** ചുവടെ കൊടുത്തിട്ടുള്ളവയിൽ ആയോധന നൃത്തരൂപങ്ങൾ ഏതെല്ലാം

i. പരിചമുട്ടുകളി

ii. തിരുവാതിരക്കളി

iii. കോൽക്കളി

iv. ഒപ്പന

**2.** ശരിയായ ജോഡികൾ തെരഞ്ഞെടുത്ത് എഴുതുക

എടയ്ക്കൽ - കോട്ടയം
സംഗീതം - താളം
നാടൻപാട്ട് - വിൻസെന്റ് വാൻഗോഗ്
നൃത്തം - മുദ്രകൾ


**3 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (5 x 2 = 10)**

**3.** ഒരു കവിതയ്ക്ക് സംഗീതം നൽകുമ്പോൾ ഈണത്തിനുള്ള പ്രാധാന്യം എന്ത്?

**4.** *"ഒന്നാം വേലിക്കൽ ചെന്നു പറിച്ചത്*
*ഒന്നുവട്ടി പാവയ്ക്ക*
*എനിക്കും വേണം പാവയ്ക്ക*
*എന്റമ്മയ്ക്കും വേണം പാവയ്ക്ക"*

ഈ പാട്ട് നൃത്തമായി അവതരിപ്പിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

**5.**



മുകളിൽ കൊടുത്തിട്ടുള്ള രേഖകളെ ഉൾപ്പെടുത്തി ഒരു ചിത്രം പൂർത്തിയാക്കുക

**6.** കുട്ടികളുടെ നാടകവേദിയെ കുറിച്ച് ഒരു കുറിപ്പെഴുതുക

**7.** ടെറാക്കോട്ട ശില്പങ്ങൾ എന്നാൽ എന്ത്? ഒരു ഉദാഹരണം എഴുതുക

© State Assessment Cell - SCERT Kerala

**8.** അനുയോജ്യമായവ കണ്ടെത്തി എഴുതുക

| | | |
|---|---|---|
| നാടകം | - | ചാർളി ചാപ്ലിൻ |
| ചിത്രകല | - | ശ്രീലത എസ്. കടമ്പിൽ |
| സിനിമ | - | പി.എസ്. ബാനർജി |
| നാടൻപാട്ട് | - | എ. രാമചന്ദ്രൻ |

**9.** നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലുമൊരു നാടൻപാട്ടിന്റെ നാല് വരികൾ എഴുതുക

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക.** **(3 x 1 = 3)**

**10.** താരം കളിപ്പാട്ട്, നുള്ളിക്കളിപ്പാട്ട് അരിപ്പോം തിരിപ്പോം കളിപ്പാട്ട് എന്നിവയിൽ ഏതെങ്കിലും ഒരു കളിപ്പാട്ടിനെപ്പറ്റി കുറിപ്പെഴുതൂ

**11.** നൃത്തകലയിൽ താളാത്മകമായി ചുവടുവെയ്ക്കുന്ന ഏതെങ്കിലും ഒരു അയോധന നൃത്തരൂപ ത്തെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.

© State Assessment Cell - SCERT Kerala


# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

സമയം : 40 മിനിട്ട്
സ്കോർ : 15


**1.** ചങ്ങലപോലുള്ള പാറ്റേൺ രൂപപ്പെടുത്തുന്നതിനും ഡിസൈനുകളുടെ രൂപരേഖ തയ്യാറാക്കുന്നതിനും ഉപയോഗിക്കുന്ന സ്റ്റിച്ചിംഗ് രീതി ഏതാണ് ? (1)

1) ചെയിൻ സ്റ്റിച്ച്
2) സ്റ്റെം സ്റ്റിച്ച്
3) ബ്ലാങ്കറ്റ് സ്റ്റിച്ച്
4) ബാക്ക് സ്റ്റിച്ച്

**2.** താഴെ കൊടുത്തിരിക്കുന്ന ചിത്രം ഏതുതരം ഉപകരണത്തെ/ഫർണീച്ചറിനെയാണ് സൂചിപ്പിക്കുന്നത്? (1)



**3.** ചിത്രം നിരീക്ഷിച്ച് ഏതുതരം സ്റ്റിച്ചിംഗ് രീതിയാണ് എന്ന് എഴുതുക. (1)




**4.** മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗം എഴുതുക. (1)

© State Assessment Cell - SCERT Kerala

**5.** ചിത്രം നിരീക്ഷിച്ച് ഫ്രെയിമുകളുടെ പേര് എഴുതുക. (2)



**6.** സ്വീകരണ മുറിയിൽ ഉപകരണങ്ങളും ഫർണീച്ചറും ക്രമീരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? (2)

**7.** എംബ്രോയിഡറി മോട്ടിഫ് എന്നാൽ എന്ത്? (2)


**8.** പ്രധാനപ്പെട്ട വസ്ത്രാലങ്കാര രീതികൾ ഏതെല്ലാമാണ്? (2)

**ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരം എഴുതുക.**

**9.A.** അലങ്കാരതുന്നൽ ചെയ്യുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകൾ വേണം? വിശദമാക്കുക. (3)

**അല്ലെങ്കിൽ**

**B.** താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളുടെ സഹായത്തോടെ ഒരു സാധാരണ കവർ (എൻവലപ്പ്) നിർമ്മിക്കുന്ന വിധം എഴുതുക. (3)




© State Assessment Cell - SCERT Kerala